LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യവാസ മേഖലകളിലെ വന്യമൃഗശല്യം

295 (299) ശ്രീ. പി. കെ. ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൃഷിഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെയും കാട്ടുപന്നികളെയും മറ്റ് വന്യമൃഗങ്ങളെയും തിരികെ ഉൾക്കാട്ടിലേയ്ക്ക് തുരത്തിയോടിക്കുന്നതിനായി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിലായി വിന്യസിച്ചിട്ടുണ്ട്.

(ബി) റാപ്പിഡ് റെസ്പോൺസ് ടീമുകൾ ഇതിനായുള്ള നിലവിലെ ഒരു സ്ഥിരം ടാസ്ക്ഫോഴ്സ് സംവിധാനമാണ്.

(സി) വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങൾ ആസ്ഥാനമാക്കി സംസ്ഥാനത്ത് നിലവിൽ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

വന്യജീവികളുടെ ആക്രമണം

296 (300) ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവികളുടെ ആക്രമണത്തിൽ കേരളത്തിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

(ബി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച പരാതികളിൽ എതൊക്കെ രേഞ്ചുകളാണ് ഉൾപ്പെട്ടിട്ടുള്ളത് ; ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് വന്യജീവി ആക്രമണത്തിൽ കേരളത്തിൽ 459 പേർ കൊല്ലപ്പെട്ടു. ഇതിൽ 387 പേർ പാമ്പുകടിമൂലവും 72 പേർ മറ്റു വന്യജീവികളുടെ ആക്രമണം മൂലവുമാണ് മരണപ്പെട്ടത്.

(ബി) സംസ്ഥാനത്തെ 105 ഫോറസ്റ്റ് റെയിഞ്ചുകളിൽ, 91 റെയിഞ്ചുകളിലും വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് സംബന്ധിച്ച് പരാതി ലഭിക്കാറുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശം തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന, വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ട പരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കാൻ സാധിക്കാതെ വരുന്ന കാട്ടാനകളെ പിടിച്ചു മെരുക്കുന്നതിനുള്ള ആനപന്തികളുടെ നിർമ്മാണം.
9. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.
10. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

11. വനത്തിനകത്ത്, വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

12. പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ചുമാറ്റാനും വന്ധീകരിക്കുവാനുമുള്ള നടപടികൾ.

13. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

14. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

വന്യമൃഗങ്ങളാൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പിന്റെ ധനസഹായം

297 (301) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനത്തിലും പരിസരപ്രദേശങ്ങളിലും പാമ്പ് കടിയേറ്റും വന്യമൃഗങ്ങളുടെ ആക്രമണത്താലും മരിക്കുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് വനംവകുപ്പ് നിലവിൽ നഷ്ടപരിഹാരമായി അഞ്ച് ലക്ഷം രൂപ നൽകിവരുന്നു. അതേസമയം മരണം സംഭവിച്ചത് വനത്തിന് പുറത്തുവച്ച് പാമ്പുകടി മൂലമാണെങ്കിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയാണ് നൽകുന്നത്.

(ബി) സംഭവം നടന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക്/അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ/അസി. വൈൽഡ് ലൈഫ് വാർഡൻ മതിയായ അന്വേഷണം നടത്തി ലഭ്യമാക്കുന്ന ശിപാർശയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly